പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3632 | 17 -10 -2011 - ൽ മറുപടിയ്ക്ക് |
|---|---|

ജില്ലാ താലൂക്കാശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

(എ) മുൻ സർക്കാരിൻെറ കാലത്ത് ജില്ലാ താലൂക്ക് നിലവാരങ്ങളിലേക്ക് ഉയർത്തിയ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന ഫണ്ടിൻെറ അടിസ്ഥാനത്തിലും സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്ളാൻ ഫണ്ട്, സുനാമി പുനരധിവാസ ഫണ്ട്, നബാർഡ്, അസറ്റ് മെയിൻറനൻസ് ഫണ്ട് എന്നി സ്കീമുകൾ വഴിയും ബഹു. എം.പി. മാരുടെയും എം.എൽ.എ. മാരുടെയും പ്രദേശിക വികസന ഫണ്ട് ഉപയോഗിച്ചും ആശുപത്രി വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പ്ളാൻ ഫണ്ട് വഴിയും ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം വഴിയും 13 ാം ധനകാര്യ കമ്മീഷൻെറ സഹായത്തോടെയും ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. എൻ.ആർ. എച്ച്.എം. മുഖേന താൽക്കാലികമായി ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത ആശുപത്രികളുടെ നിലവാരമുയർത്തിയതനുസരിച്ച് ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ :

(സി) എങ്കിൽ അതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) യും (സി) യും (ഡി) യും 26.02.2011 ലെ ജി.ഒ.(എം.എസ്)നം.129/2011/ ആ.കു.വ.പ്രകാരം 202 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| 1) സ്റ്റാഫ് നേഴ്സ് | 44 |
| 2) ലാബ് ടെക്നീഷ്യൻ | 14 |
| 3) സിവിൽ സർജൻ | 9 |
| 4) അസിസ്റ്റൻറ് സർജൻ | 59 |

സ്പെഷ്യാലിറ്റി കേഡർ - ജൂനിയർ കൺസൾട്ടൻറ്

| | |
|---|---|
| 1) മെഡിസിൻ | 4 |
| 2) അനസ്തേഷ്യാ | 7 |

| | | |
|---|---|---|
| 3) | ഗൈനക്കോളജി | 28 |
| 4) | പീഡിയാട്രിക്സ് | 23 |
| 5) | ഓർത്തോ | 7 |
| 6) | ഇ.എൻ.ടി. | 3 |
| 7) | ഒഫ്താൽമോളജി | 3 |
| 8) | സൂപ്രണ്ട് | 1 |

| | | | |
|---|---|---|---|
| (ഇ) | നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്ന് കരുതപ്പെട്ടിരുന്ന പകർച്ചവ്യാധികൾ പലതും തിരിച്ചുവരുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് മാത്രമേ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.